# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5634

18.11.2019 - ൽ മറുപടിക്ക്

## സ്റ്റാഫ് നഴ്സുമാരുടെ സീനിയോറിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സ്റ്റാഫ് നഴ്സ് വിഭാഗത്തിൽ ജില്ലാതലനിയമനം ലഭിച്ച് അഞ്ച് വർഷം ജോലി ചെയ്ത ശേഷം പ്രമോഷൻ ലഭിക്കാതെ സ്ഥലം മാറി മറ്റ് ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരിൽ എത്ര പേർക്ക് സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകിയിട്ടുണ്ട്; | (എ) | 88 |
| (ബി) | ഇങ്ങനെ നിയമനം ലഭിച്ചവരിൽ എത്ര പേർക്ക് കോടതി ഉത്തരവ് മൂലം സീനിയോറിറ്റി പുന:സ്ഥാപിച്ച് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 88 |
| (സി) | കോടതി ഉത്തരവ് ഉണ്ടായിട്ടും ഇത്തരം കേസുകളിൽ സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകാതിരുന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; കോടതിയിൽ ഹാജരാക്കിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ പൊതുജനാരോഗ്യവിഭാഗത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഇരുപത്തി രണ്ടോളം ഒഴിവുകൾ നികത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) & (ഇ) | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, ഗ്രേഡ് II തസ്തികയുടെ വിശേഷാൽ ചട്ടം നിലവിൽ വന്നത് സ.ഉ (അച്ചടി) നം.75/2017/ആ.കു.വ. തീയതി 12/12/2017 എന്ന ഉത്തരവിലൂടെയാണ്. ടി ഉത്തരവനുസരിച്ച് മേൽ സൂചിപ്പിച്ച തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനിവാര്യമാണ്. എന്നാൽ നിലവിൽ 20 വർഷം വരെ സേവനമനുഷ്ഠിച്ച |
| (ഇ) | ഉടനടി പ്രൊമോഷൻ നൽകി രണ്ടാം ഗ്രേഡ് ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | | |

| | | |
|---|---|---|
| | | ജീവനക്കാർക്ക് ആർക്കും തന്നെ ഈ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല. ടി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നടത്തുന്നതിനായി വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റി യോഗം ചേരുന്നതിനുള്ള പ്രാഥമിക നടപടിയായി കോൺഫിഡൻഷ്യൽ റിപ്പോർട്ട്, പ്രൊബേഷൻ സ്റ്റാറ്റസ്, പാരാ മെഡിക്കൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ട് ആരോഗ്യവകുപ്പിൽ നിന്ന് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിലവിലെ ജീവനക്കാർക്ക് ആർക്കും തന്നെ ഇല്ലാത്തതിനാൽ ആയത് ആരും ലഭ്യമാക്കിയിരുന്നില്ല. ഈ സാഹചര്യത്തിൽ വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിൽ ഉള്ളത്. വിശേഷാൽ ചട്ടത്തിലെ പാരാമെഡിക്കൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വേണമെന്ന വ്യവസ്ഥ നിലവിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് തടസ്സമാകുമെന്ന അവസ്ഥ മുന്നിൽക്കണ്ട് ഇവരെ ടി വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. കൂടാതെ ടി വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുന്നതു വരെ ഈ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ താൽക്കാലികമായി നടത്തുന്ന കാര്യവും പരിശോധിച്ച് വരുന്നുണ്ട്. |

Milan

സെക്ഷൻ ഓഫീസർ